**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1706 10.03.2020-ൽ മറുപടിയ്ക്ക്

**ലോക കേരള സഭയുടെ ഉദ്ദേശലക്ഷ്യങ്ങൾ**

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച പ്രധാന ശിപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളെന്തെന്ന് വിശദാംശം ലഭ്യമാക്കുമോ; | എ) | കേരളത്തിന്റെ വികസനത്തിനും പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനും വേണ്ടി, ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൻമേൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br><br>1. <u>എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി</u><br>പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു.<br><br>2. <u>എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി</u><br>അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു.<br><br>3. <u>പ്രവാസി സഹകരണ സംഘം</u><br>തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി |

| | | | |
|---|---|---|---|
| | | | ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>4. <u>വനിത എൻ.ആർ.കെ സെൽ</u><br>വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.<br><br>5. <u>എയർപ്പോർട്ടുകളിൽ migration facilitation centre പാസ്പ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres</u><br>മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും, സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും, കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്പ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും, സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>6. <u>നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം</u><br><br>7. <u>അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം</u><br>കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>8. <u>പ്രവാസി ആനുകാലിക പ്രസിദ്ധീകരണം</u><br>പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു. |

| | | | |
|---|---|---|---|
| ബി) | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് കമ്പനി എന്ന നിക്ഷേപ കമ്പനി സ്ഥാപിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കുമോ: | ബി) | കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹു.മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു. അതിൽ സർക്കാർ 26% ഓഹരിയും പ്രവാസി നിക്ഷേപകർ 74% ഓഹരിയും വഹിക്കും. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി പ്രസ്തുത കമ്പനി specific SPVs രൂപീകരിച്ച്, ടൂറിസം, തുറമുഖം, എയർപോർട്ട്, എൻ.ആർ.ഐ. ടൗൺഷിപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, നിർമ്മാണം, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്, മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപത്തിനായി കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. |
| സി) | എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രസ്തുത കമ്പനി മുഖേന നടത്തുന്നത് എന്നറിയിക്കുമോ; | സി) | എൻ.ആർ.ഐ, ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ഡി) | വനിതാ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നോർക്കാ റൂട്ട്സിൽ വനിതാ സെൽ ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | ഡി) | വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ. ആർ. കെ. വനിതാ സെൽ രൂപീകരിക്കുകയും ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. ഗാർഹിക തൊഴിൽ മേഖലയിൽ കുടിയേറ്റം നടത്തുന്ന വനിതകൾക്കായി കൂടുതൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ നോർക്ക റൂട്ട്സ് സൗജന്യ റിക്രൂട്ട്മെന്റ് നൽകുന്നതിനോടൊപ്പം കാര്യക്ഷമമായ രീതിയിൽ വനിതകൾക്ക് സൗജന്യമായി ബോധവൽക്കരണവും നടത്തിവരുന്നു. |

| | | | |
|---|---|---|---|
| ഇ) | എയർപോർട്ടുകളിൽ ഇമിഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ (Immigration Facilitation Centre), പാസ്പോർട്ട് ഓഫീസുകളിൽ പ്രീ-എംബാർക്കേന്റ് ഓറിയന്റേഷൻ സെന്റർ (Pre-embarkment Orientation Centre) എന്നിവ രൂപീകരിക്കണമെന്ന ശിപാർശ കേന്ദ്ര സർക്കാരിന് നല്കിയിട്ടുണ്ടോ; അവ രൂപീകരിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങളെന്തെന്ന് അറിയിക്കുമോ? | ഇ) | ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.<br>മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്തുന്നതിനും ഒരു അഡ്വൈസറി സെല്ലായി പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**